# GHS Koonathara

അടിസ്ഥാന പാഠാവലി

**Time : 1 ½ hrs** **Total score :40**

---

**1** മുതൽ **5** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **4** എണ്ണത്തിന് ഉത്തരം എഴുതുക.
**(1** സ്കോർ വീതം**)**

**4*1=4**

**1.'**മാർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ <u>എതിര് പിടിക്കുക</u> എന്നത് മത്തായിയുടെ വ്രതമായി**'**
**-** അടിവരയിട്ട പദത്തിന് ഏറ്റവും യോജിച്ച ആശയം ഏത്**?**

- അനുകൂലമായി പ്രവർത്തിക്കുക
- അനുയോജ്യമായത് ചെയ്യുക
- പ്രതികൂലമായി നിൽക്കുക
- പ്രതിഫലം ആഗ്രഹിക്കുക

**2."** നെല്ലില്ല, പിശാശുക്കള് **"**നെല്ല് കൊണ്ടുചെന്ന് വല്ല പീടികയിലും പെട്ട വിലക്ക് വിൽക്കാനാണ്.**"** **(**പ്ലാവിലക്കഞ്ഞി **)**
**-** പുഷ്പവേലിൽ ഔസേപ്പ് നെല്ല് കൂലിയായി കൊടുക്കാതിരുന്നത് എന്തുകൊണ്ട്**?**

- നെല്ല് കൈവശമില്ലാത്തതുകൊണ്ട്
- നെല്ലിന് നല്ല വിലയുള്ളതുകൊണ്ട്
- തൊഴിലാളികൾക്ക് നെല്ല് ആവശ്യമില്ലാത്തതുകൊണ്ട്
- നെല്ലിന് വിലയില്ലാത്തതുകൊണ്ട്

**3. '**പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെ പണിപ്പെട്ടടച്ചു തുറന്നവർ**'** **(**അമ്മത്തൊട്ടിൽ**)**
**-**ഈ വരികൾ നൽകുന്ന അർത്ഥസൂചന എന്ത്**?**

- അമ്മയുടെ അവശതയും അനാരോഗ്യവും
- മകന്റെ പ്രവർത്തിയിലുള്ള അതൃപ്തി
- അമ്മയ്ക്ക് കണ്ണടച്ചു തുറക്കാനുള്ള മടി
- കാഴ്ച കുറഞ്ഞതിനുള്ള സങ്കടം

**4. "**എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരെ**".**
**(**പണയം**)**
**-** ചാക്കുണ്ണി ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം എന്ത്**?**

- റേഡിയോ പണയം വെച്ചു
- മകന്റെ അകാല വേർപാട്
- അളവുകൾ തെറ്റി തയ്ച്ചു
- ചെമ്പു മത്തായി ചതിച്ചു

**5. "**പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്**".** ഈ പ്രസ്താവന കൊണ്ട് അർത്ഥമാക്കുന്നത് എന്ത്**?**

- പത്രങ്ങൾ അന്ധവിശ്വാസം പ്രചരിപ്പിക്കുന്നു
- പത്രവാർത്തകൾ എല്ലാം സത്യമാണ്
- പത്രങ്ങൾ വലിയ സേവനം ചെയ്യുന്നില്ല
- പത്രവാർത്തകൾ പലതും സത്യവിരുദ്ധമാണ്

**6** മുതൽ **8** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **2** എണ്ണത്തിന് ഉത്തരം എഴുതുക
**( 2** സ്കോർ വീതം**)**

**2*2=4**

**6."** പെറ്റു കിടക്കും തെരുവ് പട്ടിക്കെന്തൊരുറ്റം,കുരച്ചത് ചാടിക്കുതിക്കുന്ന **"** **(അമ്മത്തൊട്ടിൽ)**
**-**ഈ വരികൾ നൽകുന്ന അർത്ഥസൂചനങ്ങൾ എന്തെല്ലാം**?**
**7.** ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ <u>പ്രകാശം പരത്തി</u> അവരെ സ്വാതന്ത്ര്യ ബോധമുള്ള മനുഷ്യരാക്കി**.**
**(**ശ്രീനാരായണഗുരു**)**
**-**അടിവരയിട്ട പ്രയോഗത്തെ സാധൂകരിക്കുന്ന ശ്രീനാരായണ ഗുരുവിന്റെ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ എഴുതുക**.**
**8."** താരാട്ടിലോലുന്ന മാധുര്യമെങ്ങനെ**?** താൻ തന്നെ വന്നു പിറന്നതും എങ്ങനെ**?"**
കവി ഇങ്ങനെ ചോദിക്കുന്നതിന്റെ പൊരുൾ എന്ത്**?** **(**അമ്മയുടെ എഴുത്തുകൾ **)**

**9** മുതൽ **14** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **5** എണ്ണത്തിന് ഉത്തരം എഴുതുക**.**
**(4** സ്കോർ വീതം**)**

**5*4=20**

**9. "**നാവു ഉണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു**".**
**"**കൊച്ചുചക്കരച്ചി വീഴില്ല,വീണാലും അവൾ ആപത്തു വരുത്തുകയില്ല**"**
**-**എന്ന ഒറ്റ ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്**.**
**'**കൊച്ചുചക്കരച്ചി**'** മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ആത്മബന്ധത്തിന്റെ കഥയാണ്**.**
തന്നിരിക്കുന്ന സൂചനകളും പാഠഭാഗത്തെ മറ്റ് ആശയങ്ങളും ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക**.**
**10. '**തിരികൾ തെറുത്തു കൊളുത്താനുറ്റ മുഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ കരവിരലോടെ,ദീപക്കുറ്റികൾ നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ**'**
**-** മുക്കുറ്റിക്ക് നൽകിയിരിക്കുന്ന മാനുഷികഭാവം വിശകലനം ചെയ്ത്കുറിപ്പ് തയ്യാറാക്കുക**.**
**11."**ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്**"** എന്ന ശ്രീനാരായണ സന്ദേശം എക്കാലത്തും ഏത് രാജ്യത്തും വില പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ ഒരു വിശിഷ്ടാശയമാണ്**".**

**(** ശ്രീനാരായണഗുരു**)**

**-**ലേഖകന്റെ ഈ നിരീക്ഷണം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക**.**
**12. "**അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി**.**
കപ്പ തന്നെ കപ്പ **".**
**"**അങ്ങനെ പാതിരക്കുശേഷം അടുപ്പിൽ തീ എരിഞ്ഞു**.**ആ കുടിലിൽ വെളിച്ചം ഉണ്ടായി**".**
**(**പ്ലാവിലക്കഞ്ഞി**)**
**-**പാഠസന്ദർഭങ്ങളിൽ തെളിയുന്ന കർഷക തൊഴിലാളികളുടെ ജീവിതാവസ്ഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക**.**

**13.**"കുന്നിൻ പുറത്തുള്ള തെങ്ങിൽ തേങ്ങ വരണ്ടിരിക്കുന്നു
കന്നിനെല്ലിന് വേലി കെട്ടാൻ സമയമായി. വരമ്പിലേക്ക് ചാഞ്ഞു കിടക്കുന്ന കതിരിൽ ചവിട്ടി അതാ ആരോ നടന്നു പോകുന്നു.

(ഓരോ വിളിയും കാത്ത്)

-അച്ഛന് കൃഷിയോടും പ്രകൃതിയോടുമുള്ള അടുപ്പം കഥാസന്ദർഭത്തിൽ പ്രതിഫലിക്കുന്നതെങ്ങനെ.? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**14.**"ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു.അടുപ്പിലെ എരി തീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി."(പ്ലാവിലകഞ്ഞി )

-ദാരിദ്ര്യത്തിനിടയിലും ഊഷ്മളമായ സ്നേഹബന്ധം കാത്തുസൂക്ഷിക്കാൻ കോരനും ചിരുതക്കും സാധിക്കുന്നുണ്ടോ.? കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**15** മുതൽ **17** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. (**6** സ്കോർ വീതം)

**2*6=12**

**15.** " അതിന്റെ ജീവൻ പോകുന്നത് കാണുമ്പോൾ കണ്ണുനിറയാത്തത്, കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്. ഇറച്ചിയുടെ രുചി ഓർത്തിട്ടാണ് ".

"ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു".

"അങ്ങനെ മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മാർക്കോസും താഴെ നിന്ന് മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു.

-രൂക്ഷമായ ആക്ഷേപഹാസ്യമാണ് 'കോഴിയും കിഴവിയും' എന്ന കഥയുടെ പ്രധാന സവിശേഷത. കഥ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

**16.**"പത്രം അസത്യമാണെന്ന് അറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായി തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു." (പത്രനീതി)

"സമൂഹത്തിന് ദിശാബോധം നൽകാനും ഗുണപരമായ മാറ്റങ്ങൾ വരുത്താനും പത്രങ്ങൾക്ക് സാധിക്കുന്നു". -പത്രത്തെക്കുറിച്ച് നൽകിയിരിക്കുന്ന വ്യത്യസ്തമായ നിരീക്ഷണങ്ങളും പാഠഭാഗത്തിലെ ആശയവും പരിഗണിച്ച് 'മാധ്യമങ്ങളും സമൂഹവും' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ)തയ്യാറാക്കുക.

**17.**"അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ച ആ കാഴ്ച നോക്കി നിന്ന ചിരുത ആനന്ദിച്ചു".

"നീ ഇന്ന് വെള്ളം കുടിച്ചതല്ലല്ലോ,എനിക്ക് വയറു നിറഞ്ഞു".

"നെല്ല് കൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാൽ എന്ത്"?കോരൻ ചിന്തിച്ചു.
(പ്ലാവിലക്കഞ്ഞി)

- പാഠഭാഗത്തെ മറ്റ് സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെക്കുറിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കുക.